# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1921** **10.03.2020 – ൽ മറുപടിക്ക്.**

### പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം**<br>**,, പി.ടി. തോമസ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും വിവാഹിതരുമായവർക്ക് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | **(എ)** റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും വിവാഹിതരുമായവർക്ക് നിലവിൽ ഉൾപ്പെട്ടിരിക്കുന്ന റേഷൻകാർഡിൽ നിന്നും പേര് നീക്കം ചെയ്ത് പുതിയ റേഷൻകാർഡ് ലഭിക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ അപേക്ഷ നൽകിയാൽ മതിയാകും. |
| **(ബി)** പ്രായപൂർത്തിയായ ഒരാൾക്ക് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ പേരുള്ള റേഷൻകാർഡിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ടോ; ഇങ്ങനെ കുറവ് ചെയ്യുന്നതിന് നിലവിലുള്ള റേഷൻ കാർഡിലെ കുടുംബനാഥയുടെ അനുവാദം ആവശ്യമുണ്ടോ; | **(ബി)** ഉണ്ട്. കുറവ് ചെയ്യുന്നതിന് നിലവിലുള്ള റേഷൻ കാർഡിലെ കുടുംബനാഥയുടെ സമ്മതപത്രം ആവശ്യമുണ്ട്. |
| **(സി)** ഇത്തരം വ്യവസ്ഥകൾ നിലനിൽക്കുന്നത് പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | **(സി)** ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**